# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

23/02/2020 | മാർക്ക് - 50

10.30 a.m. - 12.30 p.m. **STD - VII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 1X5=5

1. നന്മതിന്മകളെ തിരിച്ചറിയാനും നന്മ തെരഞ്ഞെടുത്ത് പ്രവർത്തിക്കാനും ആരാണ് നമ്മെ സഹായിക്കുന്നത്?

   1. വിശുദ്ധർ 2. പരി. കന്യകാമറിയം 3. പരിശുദ്ധാത്മാവ്

2. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരുവാൻ എന്ത് പാലിച്ച് ജീവിക്കണമെന്നാണ് ഈശോ നിഷ്കർഷിച്ചത്?

   1. തിരുസഭയുടെ കൽപനകൾ 2. ദൈവപ്രമാണങ്ങൾ 3. പാരമ്പര്യങ്ങൾ

3. ദൈവകൽപനകളുടെ കാതൽ.

   1. നീതി 2. സ്നേഹം 3. അഹിംസ

4. മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധത്തിന്റെ മാതൃകയെന്ന് അവതരിപ്പിച്ച ശ്ലീഹ?

   1. വി. പത്രോസ് 2. വി. പൗലോസ് 3. വി. യാക്കോബ്

5. തിരുകൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായ കത്തോലിക്കൻ

   1. എ. ജെ. ജോൺ 2. പി. പി. ജോർജ് 3. ഏ. കെ. ആന്റണി

**B. പൂരിപ്പിക്കുക** 1X5=5

6. വി. കുർബ്ബാനയിൽ നിന്നും ലഭിക്കുന്ന ശക്തിയാണ് -------- നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്.

7. രണ്ടു പേർ തമ്മിൽ കലഹമോ ശത്രുതയോ ഉണ്ടാക്കുക എന്നതാണ് -------- പറയുന്നതിന്റെ ഉദ്ദേശ്യം.

8. ഈശോ തന്റെ പരസ്യജീവിതത്തിലെ ആദ്യത്തെ അത്ഭുതം പ്രവർത്തിക്കുന്നത് -------- വച്ചാണ്.

9. -------- ന്റെ പൂർണതയിൽ നിന്നാണ് ദൈവം നമ്മെ സൃഷ്ടിച്ചത്.

10. ------------- എന്ന പേരിലുള്ള ഒരു പുസ്തകം വായിച്ചപ്പോൾ മുതൽ ഈശോസഭയിൽ ചേർന്ന് വിദേശങ്ങളിൽ മിഷൻ പ്രവർത്തനം നടത്താൻ വി. അലോഷ്യസ് ആലോചിച്ചു.

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. സത്യത്തിന് വിരുദ്ധമായ തിന്മകൾ എത്ര? ഏതെല്ലാം?
12. വി. മരിയ ഗൊരേത്തിയും കൂട്ടുകാരും ദിവ്യകാരുണ്യഈശോയെ ആദ്യമായി സ്വീകരിച്ച ദിവസം തിരുകർമ്മങ്ങൾ നടത്തിയ പുരോഹിതൻ കുട്ടികളോടു പറഞ്ഞ വാക്കുകൾ ഉദ്ധരിക്കുക?
13. ദൈവത്തെ സ്നേഹിക്കേണ്ടത് എങ്ങനെയെന്നാണ് ഈശോ നമുക്ക് കാണിച്ചുതന്നിരിക്കുന്നത്?
14. വി. മത്തായി എഴുതിയ സുവിശേഷം 6:19-20 തിരുവചനങ്ങൾ ഉദ്ധരിക്കുക ("ഭൂമിയിൽ നിക്ഷേപം....")
15. മനഃസാക്ഷിയും വിശ്വാസവും തമ്മിലുള്ള ബന്ധമെന്ത്?
16. കാരുണ്യപ്രവർത്തികളിൽ ആദ്ധ്യാത്മികങ്ങൾ എത്ര? ഏതെല്ലാം?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക** **4x2=8**

17. മിതവ്യയം, ഔദാര്യം ഇവ വിശദീകരിക്കുക.
18. നല്ല കുടുംബങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്. ദാമ്പത്യ വിശുദ്ധിയെ ആസ്പദമാക്കി വ്യക്തമാക്കുക.
19. തിരുസഭയുടെ അഞ്ചാമത്തെ കല്പന എങ്ങനെയാണ് പാലിക്കപ്പെടേണ്ടത്?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. ആധുനികലോകത്തിൽ തന്റെ വ്യക്തി ജീവിതത്തിലും വിദ്യാലയത്തിലും സമൂഹത്തിലും ഒരു വിശ്വാസപരിശീലന വിദ്യാർത്ഥി എന്ന നിലയിൽ ഈശോയുടെ പ്രബോധനങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാം.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം*, p.34-35 | 15 |

# രണ്ടാം സെമസ്റ്റർ പരീക്ഷ ഉത്തരങ്ങൾ
# STD - VII

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. പരിശുദ്ധാത്മാവ് L. 14 page 79
2. ദൈവപ്രമാണങ്ങൾ L. 15 page 82 2nd para
3. സ്നേഹം L. 12 page 65 2nd para
4. വി പൗലോസ് L. 10 page 56 2nd para
5. എ.ജെ. ജോൺ സത്യദീപം 2020 ജനുവരി 1

**B. പൂരിപ്പിക്കുക** **1X5=5**

6. വിശുദ്ധജീവിതം L. 13 page 72 3rd para
7. ഏഷണി L. 9 page 51 3rd para
8. കാനായിലെ കല്ല്യാണവിരുന്നിൽ L. 10 page 56 1st para
9. സ്നേഹത്തിന്റെ L. 12 page 65 3rd para
10. ഈശോസഭാ മിഷണറിമാർ ഇന്ത്യയിൽ. ഉപപാഠം page 37 2nd para

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** **2X6=12**

11. L. 9 page 51,52
12. ഉപപാഠം page 26 1st para
13. L. 12 page 66 1st para
14. വി. മത്തായി 6:19:20 ബൈബിൾ
15. L. 14 page 77 4th para
16. നമസ്കാരങ്ങൾ 18 page 13

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക** **4X2=8**

17. L. 11 page 62
18. L. 10 page 57
19. L. 13 page 73-74

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## രണ്ടാം സെമസ്റ്റർ പരീക്ഷ

24.02.2019 | മാർക്ക് - 50
10.30 am - 12.30 pm | **STD - VII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **1x 5=5**

1. ക്രിസ്തു ശിഷ്യരെ നയിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം ഈശോ നൽകിയത് ആർക്കാണ്?
   1. പ്രവാചകർക്ക് 2. അപ്പസ്തോലന്മാർക്ക് 3. നിയമജ്ഞർക്ക്
2. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും.'
   1. വി. മത്തായി 5:8 2. വി. മത്തായി 8:5 3. വി. മത്തായി 4:8
3. ഈശോയുടെ പ്രബോധനങ്ങളുടെ രത്നച്ചുരുക്കം
   1. ഉപമകൾ 2. മലയിലെ പ്രസംഗം 3. അത്ഭുതങ്ങൾ
4. 'കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം' പ്രസിദ്ധീകരിച്ച മാർപാപ്പ
   1. ഫ്രാൻസിസ് പാപ്പ 2. പോൾ ആറാമൻ പാപ്പ 3. ജോൺപോൾ രണ്ടാമൻ പാപ്പ
5. ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര
   1. സഹോദരസ്നേഹം 2. ഉപവാസം 3. പ്രാർത്ഥന

**B. പൂരിപ്പിക്കുക** **1x 5=5**

6. സഭാംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കുപരി ————നും ————നും ഉപകരിക്കുന്നവയാണ് തിരുസഭയുടെ കല്പനകൾ.
7. ————നും സഭാപ്രബോധനങ്ങൾക്കും അനുസരിച്ച് രൂപപ്പെടുത്തപ്പെട്ട മനഃസാക്ഷിയാണ് ക്രിസ്തീയ മനഃസാക്ഷി.
8. ശത്രുക്കളെപ്പോലും സ്നേഹിച്ചുകൊണ്ട് ———— ശത്രുസ്നേഹമാണെന്ന് ഈശോ നമുക്ക് വെളിപ്പെടുത്തിത്തന്നു.
9. സ്വന്തം ശരീരത്തെയെന്നപോലെ പങ്കാളിയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണ് സ്നേഹിക്കുന്നതെന്നും ———— ഓർമ്മിപ്പിക്കുന്നു.
10. സ്വന്തം സൗകര്യം വെടിഞ്ഞ് അപരന്റെ ആവശ്യം നിറവേറ്റാനുള്ള ———— ആണ് ————ന്റെ അടിത്തറ.

**C. രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക** **2x 6=12**

11. മനഃസാക്ഷിയെക്കുറിച്ച് വി. ഗ്രന്ഥം പഠിപ്പിക്കുന്നത് എന്ത്?
12. നമ്മുടെ ജീവിതത്തിന് ഉറപ്പും ബലവും നൽകുന്നതാണ് ദൈവവചനം. കാരണമെന്ത്?

13. വിശുദ്ധ മരിയാ ഗൊരേത്തിയുടെ പുണ്യവചനവും, വി. അലോഷ്യസ് ഗോൺസാഗായുടെ സന്ദേശവും എഴുതുക.

14. വി. മർക്കോസിന്റെ സുവിശേഷത്തിൽ മനുഷ്യന്റെ ഉള്ളിൽ നിന്നു വരുന്നതും അവനെ അശുദ്ധനാക്കുന്നതുമായ തിന്മകൾ ഏതൊക്കെയെന്ന് യേശു പറയുന്നുണ്ട്. അതിൽ ഏതെങ്കിലും 8 എണ്ണം എഴുതുക.

15. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ എത്ര? എതെല്ലാം?

16. പ്രകൃതിയെ പരിപാലിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. വിശദമാക്കുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഓരോ ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക

**4x 2=8**

17. സ്നേഹവും കാരുണ്യവും അർഹിക്കുന്നവരെ അവഗണിക്കുവാൻ ക്രൈസ്തവനു കഴിയുകയില്ല. എന്തുകൊണ്ട്? നിങ്ങളുടെ ജീവിതാനുഭവങ്ങളോട് ബന്ധപ്പെടുത്തി ഉത്തരം എഴുതുക.

18. പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും വിവാഹബന്ധത്തിന്റെ സവിശേഷതകൾ വിവരിക്കുക.

19. ദൈവം സത്യവാനാകയാൽ ദൈവമക്കളായ നാമും സത്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. സത്യത്തിന്റെ പ്രസക്തി മനസ്സിലാക്കി എപ്രകാരം സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ സാധിക്കുമെന്ന് വിവരിക്കുക.

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക **5x 1=5**

20. 'നന്മ ചെയ്യുന്നതിനും നമുക്കുള്ളത് പങ്കുവക്കുന്നതിനും വൈമനസ്യം കാണിക്കരുത്' എന്നു വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. വൃദ്ധരും, രോഗികളും, നിരാലംബരും, ദുരിതമനുഭവിക്കുന്നവരുമായ സഹോദരങ്ങൾക്ക് സന്തോഷം പകരാനും, സമയവും സമ്പത്തും, ആരോഗ്യവും അവരുമായി പങ്കുവയ്ക്കാനും നമുക്ക് എന്തൊക്കെ ചെയ്യാനാകും?

21. ഇന്റേണൽ അസ്സെസ്സ്മെന്റ് : കാണുക വചനദീപം 32-33

<u>**ഉത്തരസൂചിക - ക്ലാസ്സ് 7**</u>

A . 1. അപ്പസ്തോലന്മാർക്ക്  ( lesson 13, page 71, para 3)

2. വി. മത്തായി 5:8 ( lesson 10, page 58, para last)

3. മലയിലെ പ്രസംഗം (lesson 15, page 81, para 1)

4. ജോൺ പോൾ രണ്ടാമൻ പാപ്പ (സത്യദീപം 2018 നവംബർ 22-28)

5. സഹോദരസ്നേഹം (lesson 12, page 66, para 2)

B. 6. ഐക്യത്തിനും അച്ചടക്കത്തിനും ( lesson 13, page 74, para last)

7. ദൈവവചനത്തിനും ( lesson 14, page 78, para 4)

8. പരസ്നേഹത്തിന്റെ പാരമ്യം ( lesson 12, page 67, para 1)

9. പൗലോസ്ശ്ലീഹ (lesson 10, page 57, para 4)

10. സൻമനസ്സ്, ഔദാര്യം ( lesson 11, page 62, para 5)

C . 11. lesson 14, page 77, para 3

12. lesson 15, page 83, para 3,4

13. വിശുദ്ധരെ അറിയാൻ, page 31, page 40

14. വി. മർക്കോസ് 7:21 - 23 (സുവിശേഷം)

15. നമസ്ക്കാരങ്ങൾ no.13

16. lesson 11, page 63, para 1

D. 17. lesson 12, page 66,

18. lesson 10, page 55 -56

19. lesson 9, page 50 -51

E. 20. പൊതുചോദ്യം

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## രണ്ടാം സെമസ്റ്റർ പരീക്ഷ

25.02.2018 | മാർക്ക് - 50

10.30 am - 12.30 pm | **STD - VII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 1x 5=5

1. എങ്ങനെ സ്നേഹിച്ചാലാണ് ഈ ലോകത്ത് സ്വർഗ്ഗാനുഭവം സ്വന്തമാക്കാൻ സാധിക്കുന്നത്?

   1. വി. പത്രോസ് സ്നേഹിച്ചതുപോലെ 2. ഈശോ സ്നേഹിച്ചതുപോലെ 3. ശിഷ്യന്മാർ സ്നേഹിച്ചതുപോലെ

2. ദൈവം തരുന്നതുകൊണ്ട് തൃപ്തിപ്പെടുന്ന മനോഭാവത്തെ എന്തുപറയും?

   1. സംതൃപ്തി 2. സന്തോഷം 3. മിതത്വം

3. കുടുംബ ബന്ധത്തിന്റെ അടിത്തറ ആകേണ്ടത് എന്ത്?

   1. വിശ്വസ്തത 2. ക്ഷമ 3. പരസ്പര സ്നേഹം

4. ഈശോയിൽ വിശ്വസിക്കുന്നവരുടെ മനസ്സാക്ഷിയുടെ അടിസ്ഥാനം എന്ത്?

   1. വിശ്വാസം 2. ആന്തരീകാഹ്വാനം 3. ഉത്തമ മനസ്സാക്ഷി

5. വാഴ്ത്തപ്പെട്ട രക്തസാക്ഷി സിസ്റ്റർ റാണിമരിയായുടെ തിരുനാൾ തിരുസ്സഭ ആഘോഷിക്കുന്നത് എന്ന്?

   1. ജനുവരി 25 2. ഫെബ്രുവരി 25 3. ഫെബ്രുവരി 24

**B. പൂരിപ്പിക്കുക** 1x 5=5

6. ദാമ്പത്യജീവിതത്തിലെ ———— വളരെ ഗൗരവമേറിയ തിന്മയായിട്ടാണ് ———— കണ്ടിരുന്നത്.

7. പരസ്യജീവിതകാലത്ത് യേശു പഠിപ്പിച്ച കാര്യങ്ങളുടെ ആകെത്തുക യാണ് ———— .

8. പ്രശ്നങ്ങൾ നിറഞ്ഞ ഇക്കാലത്ത് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന് നമുക്ക് ശരിയായ മാർഗ്ഗമാണ് ————.

9. ———— എന്ന തിരിച്ചറിവാണ് സമ്പന്നന് ഉണ്ടാകേണ്ടത്.

10. ദൈവാരാധനക്കുള്ള ദൈവാലയം നിർമ്മിക്കേണ്ട ചുമതല ———— ആണ്.

## C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x 6=12

11. സ്വത്തുസമ്പാദനം അവകാശമാകുന്നതും, തിന്മയാകുന്നതും എപ്പോൾ?
12. പരിശുദ്ധാരൂപിയുടെ ഫലങ്ങളിൽ അവസാനത്തെ ആറെണ്ണം എഴുതുക?
13. 'വിവാഹത്തിന്റെ അവിഭാജ്യത' എന്നാൽ എന്ത്?
14. 'അതിനാൽ നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്' എന്ന് നമ്മെ പഠിപ്പിക്കാൻ വി.മത്തായിയുടെ സുവിശേഷത്തിൽ (6:1–34) യേശു പറഞ്ഞിരിക്കുന്ന രണ്ട് ഉദാഹരണങ്ങൾ വിവരിക്കുക?
15. ദൈവത്തെ സ്നേഹിക്കേണ്ടത് എങ്ങനെ എന്നാണ് ഈശോ നമുക്ക് കാണിച്ചു തന്നിട്ടുള്ളത്?
16. വിശുദ്ധ അലോഷ്യസ് ഗോൺസാഗോയിൽ പാവങ്ങളോടുള്ള സ്നേഹം വളരാനുള്ള കാരണം എന്ത്?

## D. മൂന്നു ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരോ ഖണ്ഡിക (പാരഗ്രാഫ്) ഉത്തരമെഴുതുക 4x 2=8

17. സഭാമാതാവ് മക്കൾക്കു നൽകുന്ന നല്ല നിർദ്ദേശങ്ങളാണ് തിരുസ്സഭയുടെ കല്പനകൾ. തിരുസ്സഭയുടെ കല്പനകൾ എഴുതി അവയുടെ പിന്നിലുള്ള ഉദ്ദേശ്യങ്ങളും അവ നമ്മോട് ആവശ്യപ്പെടുന്നതും എന്തെന്നും വിവരിക്കുക.
18. മനസ്സാക്ഷി രൂപീകരണം എന്നാൽ എന്ത്? ക്രിസ്തീയ മനസ്സാക്ഷി രൂപീകരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
19. സഹോദരസ്നേഹത്തിന്റെ പാരമ്യമാണ് ശത്രുസ്നേഹം. ശത്രുസ്നേഹം എങ്ങനെ പ്രാവർത്തികമാക്കാം എന്ന് തന്റെ വചനത്തിലൂടെയും ജീവിതത്തിലൂടെയും ഈശോ പഠിപ്പിക്കുന്നതെങ്ങനെ?

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 5x 1=5

20. ആധുനിക ലോകത്തിൽ കുടുംബ ബന്ധങ്ങൾ തകരാറിലാകുന്നതിനും സ്വന്തബന്ധങ്ങളുടെ ആഴവും, ഊഷ്മളതയും കുറയുന്നതിനുമുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക?

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27–28 | 15 |

# ഏഴാം ക്ലാസ്സ് - ഉത്തരങ്ങൾ
# രണ്ടാം സെമസ്റ്റർ പരീക്ഷ - ഫെബ്രുവരി 25

A. ഏറ്റവും ശരിയായ ഉത്തരം

1. ഈശോ സ്നേഹിച്ചതുപോലെ 12/68
2. സംതൃപ്തി 11/62
3. നിസ്വാർത്ഥ സ്നേഹം (ഏതു ഉത്തരം എഴുതിയാലും മാർക്ക് കൊടുക്കാം) 10/57
4. വിശ്വാസം 14/77
5. ഫെബ്രുവരി 25. സത്യദീപം 2017 നവംബർ 9-15

B. പൂരിപ്പിക്കുക

6. അവിശ്വസ്തത, യഹൂദജനം 10/56
7. സ്നേഹത്തിൻറെ പ്രമാണം 12/65
8. ഉത്തമ ക്രിസ്തീയ മനസാക്ഷി 14/79
9. സമ്പത്ത് ദൈവദാനമാണ് 11/62
10. ദൈവജനത്തിൻറെ 13/73

C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക

11. ന്യായമായ മാർഗങ്ങളിലൂടെ സ്വത്തു സമ്പാദിക്കാൻ ഓരോ വ്യക്തിക്കും അവകാശംമുണ്ട്. അധ്വാനവും തൊഴിലും വഴി സമ്പാദിക്കാനുള്ള അവകാശവും കടമയും ദൈവദത്തമാണ്. അന്യായമായും അനാവശ്യമായും സ്വത്തു സമ്പാദിക്കുക എന്നത് കടുത്ത തിന്മയാണ്. എല്ലാവർക്കും വേണ്ടി സൃഷ്ടിക്കപ്പെട്ട ലോകത്തിൽ ഒരു വ്യക്തി തൻറെ മാത്രം സുഖവും സുരക്ഷിതത്വവും നോക്കി വ്യാപാരിക്കുമ്പോൾ അത് തിന്മയാകുന്നു. 11/61
12. നമസ്കാരങ്ങൾ no. 27
13. വിവാഹം മരണം വരെ നീണ്ടു നിൽക്കുന്ന ബന്ധമാണ്. വിവാഹത്തിലൂടെ സ്ത്രീപുരുഷന്മാർ ഈശോയിൽ ഒന്നായിത്തീരുകയാണ് ചെയ്യുന്നത്. ദൈവം യോജിപ്പിക്കുന്ന ബന്ധമായതുകൊണ്ടു ഈ ബന്ധം വേർപെടുത്താനാവില്ല. ഇതാണ് വിവാഹത്തിൻറെ അവിഭാജ്യത 10/56
14. ആകാശത്തിലെ പക്ഷികൾ - ഭക്ഷണം; വയലിലെ ലില്ലികൾ - വസ്ത്രം (വിവരിക്കണം)
15. നമ്മുടെ ജീവിതത്തിൽ ദൈവത്തിനു ഒന്നാം സ്ഥാനം നൽകിക്കൊണ്ടും അവിടുത്തെ കൽപനകൾ അനുസരിച്ചുകൊണ്ടും ദൈവത്തിനു ആരാധനയും കൃതജ്ഞതയും അർപ്പിച്ചുകൊണ്ടും പരസ്നേഹ പ്രവർത്തികൾ ചെയ്തുകൊണ്ടുമാണ് നാം ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടത് 10/56
16. അലോഷ്യസിൻറെ 'അമ്മ ദരിദ്രരുടെ വീടുകളിൽ ചെന്ന് അവർക്കു മരുന്നും ഭക്ഷണവും വസ്ത്രവും നൽകിയിരുന്നു. അത്തരം ഭവന സന്ദർശനങ്ങളിൽ അവനും ഒപ്പമുണ്ടാകും. അതവനിൽ പാവങ്ങളോടുള്ള സ്നേഹം വളർത്തി. വിശന്നു തളർന്ന മനുഷ്യർ അവനിൽ വേദന ഉളവാക്കി. വിശപ്പിലും തണുപ്പിലും കിടന്നു വിഷമിക്കുന്ന കുട്ടികളുടെ ചിത്രങ്ങൾ അവൻറെ മനസ്സിൽ മായാതെ കിടന്നു. ഉപപാഠം Page 34

D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക - **പ്രധാന ആശയങ്ങൾ കൊടുക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക. അതേ വാക്കുകൾ വേണമെന്നില്ല**

17. 13/72-73 നമസ്കാരം എഴുതി പുസ്തകത്തിലുള്ള ഏതെങ്കിലും ഒരു വിശദീകരണം എഴുതിയാലും മാർക്ക് കൊടുക്കാവുന്നതാണ്
ഉദാഹരണം: 1. കുർബാനയിൽ നിന്ന് ലഭിക്കുന്ന ശക്തിയാണ് വിശുദ്ധ ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്
2. പാപങ്ങളുടെ മോചനത്തിനായി കുമ്പസാരിക്കുവാനാണ് സഭ അനുശാസിക്കുന്നത്
3. നോമ്പും ഉപവാസവും ക്രൈസ്തവജീവിതത്തെ കൂടുതൽ ശക്തമാക്കും
4. നോമ്പുകാലം പരിത്യാഗത്തിൻറെ നാളുകളായതുകൊണ്ടു വിവാഹ ആഘോഷങ്ങളും മറ്റും നടത്താൻ സഭ അനുവദിക്കുന്നില്ല
5. ദൈവാലയതിൻറെ സംരക്ഷണവും ദൈവാലയ ശുശ്രൂഷകരുടെ പരിപാലനയും സാധുക്കളുടെ സംരക്ഷണവും സഭാ സമൂഹത്തിൻറെ കടമയാണ്

18. നന്മയും തിന്മയും എന്താണെന്നു അറിയുക എന്നതാണ് മനസാക്ഷി രൂപീകരണത്തിലെ ഒന്നാമത്തെ കാര്യം.
തിന്മയെ ഉപേക്ഷിക്കാനും നന്മക്കു അനുകൂലമായി തീരുമാനങ്ങളെടുക്കാനും മനസ്സിന് നൽകുന്ന പരിശീലനമാണ് രണ്ടാമത്തെ കാര്യം.
ശരിയായ അറിവ് നേടണം, സംശയങ്ങൾ ദൂരികരിക്കണം, മനസ്സിൻറെ സ്വാതന്ത്ര്യം സംരക്ഷിക്കണം, പരിശുദ്ധാത്മാവിൻറെ സഹായം തേടണം

19. കുരിശുമരണത്തിലൂടെ ഈശോ ശത്രുസ്നേഹത്തിൻറെ ഉദാത്തമാതൃക നൽകി. കുരിശിൽ കിടന്നുകൊണ്ട് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. തന്നെ ശത്രുവായി കരുതി പീഡിപ്പിച്ചവരെയും സഹായിച്ചു. ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ, ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ , അധിക്ഷേപിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ, ഒരു ചെകിടത്തു അടിക്കുന്നവന് മറ്റേ ചെകിട് കൂടി കാണിച്ചു കൊടുക്കുവിൻ, എന്നിങ്ങനെ ശത്രുസ്നേഹം പ്രകടമാക്കാനുള്ള വിവിധ മാർഗങ്ങൾ ഈശോ പഠിപ്പിച്ചു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

26 - 02 - 2017 | മാർക്ക് – 50

10.30 am - 12.30 pm | സമയം – 2 മണിക്കൂർ

## STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്?
2. വി. മരിയ ഗൊരേത്തിയെ അമ്മ അസുന്ത പഠിപ്പിച്ച തത്വം എന്താണ്?
3. വഞ്ചന എന്ന തിന്മയുടെ മൂലകാരണം?
4. സീറോ മലബാർ സഭയെ ഏത് വർഷമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയത്?
5. 'ഇവനും അബ്രാഹത്തിന്റെ പുത്രനാണ്' എന്ന് യേശു വിശേഷിപ്പിച്ചത് ആരെ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**

6. വിവാഹമോചനം അനുവദനീയമല്ലെന്ന് പഠിപ്പിക്കുന്ന തിരുവചനഭാഗം?
   (മത്തായി 6:19, മത്തായി 19:6, മത്തായി 9:6)
7. ലൂക്കായുടെ സുവിശേഷം 7-ാം അദ്ധ്യായത്തിൽ യേശുവിനെ തന്നോടൊത്ത് ഭക്ഷണം കഴിക്കുവാൻ ക്ഷണിച്ചത് ആര്?
   (നിയമജ്ഞൻ, സദുക്കായൻ, ഫരിസേയൻ)
8. വി. അലോഷ്യസ് മരിച്ചപ്പോൾ അദ്ദേഹത്തിന് എത്ര വയസ്സ് പ്രായമുണ്ടായിരുന്നു?
   (23, 21, 17)
9. അടുത്ത ആഗോള യുവജനസംഗമം (2019-ൽ) നടക്കുന്നത് എവിടെ വച്ച്?
   (ഇന്ത്യ, പനാമ, ആസ്ത്രേലിയ)
10. 'ഇവൻ പ്രവാചകനാണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരിയെന്നും അറിയുമായിരുന്നു'. ഇതു പറഞ്ഞത് ആര്?
    (ഫരിസേയൻ, പന്തിയിൽ ഇരുന്നവർ, ഉത്തമർണ്ണൻ)


**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 1 തിമോ. 3:9 – നിർമ്മലമനസാക്ഷിയോടെ.....
12. മത്താ. 16:19 – നീ ഭൂമിയിൽ.....

**ഉത്തരം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. ആധുനീക കാലഘട്ടത്തിൽ കുടുംബബന്ധങ്ങൾ തകരാറിലാവുകയും വിവാഹമോചനംവരെ എത്തി നിൽക്കുകയും ചെയ്യുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാം?
14. ഈശോ മലയിലെ പ്രസംഗം പറഞ്ഞവസാനിപ്പിക്കുന്ന ഉപമ വിവരിക്കുക. ഈ ഉപമ നൽകുന്ന സന്ദേശം എന്ത്?


15. യേശുസ്നേഹത്തെ സൂചിപ്പിക്കുന്ന ഈ ചെടിയുടെ ഓരോ പൂമൊട്ടിലും ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ എഴുതി ചിത്രം പൂർത്തിയാക്കുക




**ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

16. ദൈവമാതാവിന്റെ അൾത്താരയുടെ മുമ്പിൽവച്ച് അലോഷ്യസ് എടുത്ത പ്രതിജ്ഞ എന്ത് ? അത് പാലിക്കാൻ അവൻ ചെയ്ത കാര്യങ്ങൾ ഏവ?

17. വി. മരിയ ഗൊരേത്തിയുടെ ജീവിതരേഖ പ്ലക്കാർഡുകളിൽ ക്രമത്തിലെഴുതുക. സംഭവങ്ങളും വർഷവും




**നമസ്കാരങ്ങൾ**

18. മഹിമയുടെ രഹസ്യങ്ങൾ ഒന്നും അഞ്ചും എഴുതക. **2**
19. ദൈവത്തിന്റെ ലക്ഷണങ്ങൾ ഏതെല്ലാം? **3**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. പരസ്നേഹത്തിന്റെ പാരമ്യത്തിൽ എത്തിച്ചേരാൻ നാം എന്തൊക്കെ ചെയ്യേണ്ടിയിരിക്കുന്നു. പാഠം 12 ആസ്പദമാക്കി വിവരിക്കുക.
21. മനഃസ്സാക്ഷി എന്നാൽ എന്ത്? ഘടകങ്ങളേവ? നാം യഥാർത്ഥ ക്രിസ്തു ശിഷ്യരായി വളരുവാൻ ക്രിസ്തീയ മനഃസ്സാക്ഷി എങ്ങനെ രൂപപ്പെടുത്താം?

**22. പൊതുചോദ്യം. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** **5**

ഈശോയുടെ കുഞ്ഞ് എന്ന നിലയിൽ സ്കൂളിൽ പോകുന്ന ഒരു ദിവസം രാവിലെ ഉണരുന്നത് മുതൽ രാത്രിയിൽ ഉറങ്ങുന്നതുവരെ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന നന്മപ്രവൃത്തികൾ ഏവയെന്ന് വിശദീകരിക്കുക?

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

**26 - 02 - 2017** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

## STD - VII

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. (നല്ല) കുടുംബങ്ങൾ – 10/57
2. പാപത്തേക്കാൾ മരണം – വിശുദ്ധരെ അറിയാൻ - പേജ് 23
3. ദ്രവ്യാഗ്രഹം – 11/61
4. 1992 – സത്യദീപം: 2017 ജനു. 26- ഫെബ്രു. 1
5. സക്കേവൂസിനെ – ലൂക്ക 19:9

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x5=5**

6. മത്തായി 19:6 – 10/57
7. ഫരിസേയൻ – ലൂക്ക 7:36
8. 23 വയസ്സ് – വിശുദ്ധരെ അറിയാൻ - പേജ് 39
9. പനാമയിൽ – സത്യദീപം: 2016 നവം. 24-30
10. ഫരിസേയൻ – ലൂക്ക 7:39

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 1 തിമോ 3:9 - നിർമ്മല മനസ്സാക്ഷിയോടെ.... 14/80
12. മത്തായി 16:19 - നീ ഭൂമിയിൽ.... 13/75

**ഉത്തരം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. 10/56, 57
14. 15/83
15. 12/68

**ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½ x1= 2½**

16. വിശുദ്ധരെ അറിയാൻ പേജ് 34
17. വിശുദ്ധരെ അറിയാൻ പേജ് 31

**നമസ്കാരങ്ങൾ** **2½ x 2=5**

18. നമസ്കാരങ്ങൾ - പേജ് 21
19. നമസ്കാരങ്ങൾ - പേജ് 16

**ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 12/66, 67
21. 14/77-79

**22. പൊതുചോദ്യം. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** **5**

23. ഇന്റേണൽ അസ്സെസ്സ്മെന്റ്



35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 25 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്‌ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

28 -02 - 2016 — മാർക്ക് – 50

10.30 am - 12.30 pm — സമയം – 2 മണിക്കൂർ

## STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. കുടുംബബന്ധത്തിന് അടിത്തറയാകേണ്ടത് എന്ത്?
2. നന്മയെ സ്വീകരിക്കാനും തിന്മയെ ഉപേക്ഷിക്കാനും നമ്മെ ആഹ്വാനം ചെയ്യുന്ന ആന്തരിക ശക്തി ?
3. ആരുടെ ശിരസ്സ് ആവശ്യപ്പെടാനാണ് ഹെറോദിയ മകളോട് പറഞ്ഞത്?
4. ശുദ്ധതയുടെ മധ്യസ്ഥയായി വാഴ്ത്തപ്പെട്ട വിശുദ്ധ?
5. 'കുട്ടികളുടെ പാപ്പ' എന്നറിയപ്പെടുന്ന പാപ്പ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**

6. ''മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.'' വചനഭാഗം?
   (മത്തായി 6:33, മത്തായി 5:16, മത്തായി 7:21)
7. ''തന്നെ വെളിപ്പെടുത്തരുതെന്ന് അവൻ അവയ്ക്ക് കർശനമായ താക്കീതു നൽകി.'' (മർക്കോ.3/12) ആർക്ക് ?
   (അപ്പസ്തോലന്മാർക്ക്, അശുദ്ധാത്മാക്കൾക്ക്, ജനങ്ങൾക്ക്)
8. ''എന്റെ കൊച്ചുമകൾ മരിക്കാറായിക്കിടക്കുന്നു. അങ്ങ് വന്ന്, അവളുടെ മേൽ കൈകൾ വച്ച്, രോഗം മാറ്റി അവളെ ജീവിപ്പിക്കണമേ.'' (മർക്കോ.5:23) ആരുടെ അപേക്ഷ?
   (സീറോ ഫിനേഷ്യൻ സ്ത്രീയുടെ, ജായ്റോസിന്റെ, ബർതിമേയൂസിന്റെ)
9. വിശുദ്ധ അലോഷ്യസ് ഗോൺസാഗയെ യുവാക്കളുടെ മധ്യസ്ഥനായി അംഗീകരിച്ച വർഷം?
   (1625, 1629, 1591)
10. പുൽക്കൂട് നിർമ്മിക്കുന്ന രീതിക്കു തുടക്കമിട്ടുകൊണ്ട് ആദ്യമായി പുൽക്കൂട് നിർമ്മിച്ച വിശുദ്ധൻ?
   (വി.ഫ്രാൻസീസ് സേവ്യർ, വി.ഫ്രാൻസീസ് സാലസ്, വി. ഫ്രാൻസീസ് അസ്സീസി)

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 1 തിമോ. 3:9. ''നിർമല.....
12. മത്താ. 5:8. ''ഹൃദയ.....

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. തെറ്റോ ശരിയോ ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
   a. ദൈവപ്രമാണങ്ങൾ എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. കാലത്തിനും ദേശത്തിനും സംസ്കാരത്തിനും അനുസരിച്ച് ഇവയിൽ വ്യത്യാസങ്ങൾ അനുവദിക്കാറുണ്ട്.
   b. ക്രിസ്തുശിഷ്യരെ നയിക്കാനും പഠിപ്പിക്കാനുമുള്ള അധികാരം ഈശോ വൈദികർക്കു നൽകി.
   c. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും വൈദികമേലദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മറ്റ് ഓഹരികളും കൊടുക്കണം.
   d. സഭാംഗങ്ങളുടെ ആദ്ധ്യാത്മികവളർച്ചയ്ക്കുപരി ഐക്യത്തിനും അച്ചടക്കത്തിനും ഉപകരിക്കുന്നവയാണ് ദൈവപ്രമാണങ്ങൾ.
   e. പെസഹക്കാലമെന്നതുകൊണ്ട് അർത്ഥമാക്കുന്നത് അമ്പത് നോമ്പ് ആരംഭം മുതൽ ഉയിർപ്പു ഞായർ വരെയുള്ള കാലഘട്ടമാണ്.

14. ദ്രവ്യാസക്തി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ദ്രവ്യാസക്തിയെ കീഴടക്കാൻ സഹായിക്കുന്ന പുണ്യങ്ങൾ 'അവകാശമില്ലാത്തത് ആഗ്രഹിക്കരുത്' എന്ന പാഠഭാഗത്തെ ആസ്പദമാക്കി തെരഞ്ഞെടുത്ത് ഹൃദയം നിറയ്ക്കുക.

.................
.................
.................
.................

ദാരിദ്ര്യാരൂപി, മിതവ്യയം, വിശ്വാസം, മിതഭോജനം, പ്രാർത്ഥന, ഔദാര്യം, സംതൃപ്തി, ഉപവാസം, എളിമ, ആശയടക്കം

15. മനഃസാക്ഷി എന്നാൽ എന്ത്? മനഃസാക്ഷിരൂപീകരണത്തിൽ നമ്മെ സഹായിക്കുന്ന പ്രധാന ഘടകങ്ങൾ ഏവയെന്ന് വിശദീകരിക്കുക.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

16. പട്ടിക പൂർത്തിയാക്കുക.

| പേര് | ജനനം | ഈശോസഭയിൽ അംഗത്വം | തിരുനാൾദിനം | പുണ്യവചനം | സന്ദേശം |
|---|---|---|---|---|---|
| വിശുദ്ധ അലോഷ്യസ് ഗോൺസാഗ | | | | | |

17. ചിത്രം ശ്രദ്ധിക്കു. ആരാണീ വിശുദ്ധ? രക്തസാക്ഷിയായി വിശുദ്ധ പദവിയിലെത്തിയ ഇവളുടെ ജീവിതരേഖ തയ്യാറാക്കുക.

a. ഈ വിശുദ്ധയുടെ മാതാപിതാക്കൾ:
b. ..... എന്ന തത്വം അമ്മ ഇവളെ പഠിപ്പിച്ചിരുന്നു.
c. ........ അവളെ മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.
d. തിരുനാൾ ദിനം:
e. പുണ്യവചനം:



**നമസ്കാരങ്ങൾ**

18. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ എഴുതുക. **3**

19. ദൈവമാതാവിനോടുള്ള ജപമാലയിലെ മഹിമയ്ക്കടുത്ത 2ഉം 3ഉം ദിവ്യരഹസ്യങ്ങൾ എഴുതുക. **2**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. സ്നേഹമെന്ന നാണയത്തിന്റെ രണ്ടു വശങ്ങളാണ് ദൈവസ്നേഹവും സഹോദരസ്നേഹവും. 'ശ്രേഷ്ഠമായ കല്പന' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

21. യഥാർത്ഥ ക്രിസ്തുശിഷ്യന്റെ രൂപഭാവങ്ങളും സവിശേഷതകളും 'സുവിശേഷഭാഗ്യങ്ങൾ' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**പൊതുചോദ്യം (രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

22. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.'' (മർക്കോസ് 16:15). മാമ്മോദീസാ സ്വീകരിച്ച് ദൈവത്തിന്റെ മക്കളായി തീർന്ന നമ്മളാണ് ഇനി ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം എത്തിക്കാനുള്ള ദൗത്യം തുടരേണ്ടത്. നിങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ എങ്ങനെയാണ് ഈ സുവിശേഷ ദൗത്യം നിർവഹിക്കുകയെന്ന് വിവരിക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

28 -02 - 2016 | മാർക്ക് – 50
10.30 am - 12.30 pm | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

## STD - VII

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല.*
*ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. നിസ്വാർത്ഥസ്നേഹം - 10/57
2. മനഃസാക്ഷി - 14/76
3. സ്നാപകയോഹന്നാന്റെ - മർക്കോസ് 6/24
4. വിശുദ്ധ മരിയ ഗൊരേത്തി - വിശുദ്ധരെ അറിയാൻ - പേജ് 29
5. വി. പത്താം പിയൂസ് - സത്യദീപം, ഡിസംബർ 9/2015

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**

6. മത്തായി 5:16 - 15/82
7. അശുദ്ധാത്മാക്കൾക്ക് - മർക്കോ. 3/11
8. ജായ്റോസിന്റെ - മർക്കോ. 5/22
9. 1629 - വിശുദ്ധരെ അറിയാൻ, പേജ് 40
10. വി. ഫ്രാൻസീസ് അസ്സീസി - സത്യദീപം - ജനുവരി 7-13/2016

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 14/80. "നിർമ്മല മനഃസാക്ഷിയോടുകൂടെ വിശ്വാസത്തിന്റെ രഹസ്യം സൂക്ഷിക്കുന്നവരാകണം നിങ്ങൾ." (1 തിമോ. 3:9)
12. 10/ 58. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും." (മത്തായി 5:8)

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½ x 2=5**

13. 13/71-74
    a. തെറ്റ്. അവയിൽ മാറ്റം വരുത്താൻ ആർക്കും അവകാശമില്ല. (13/71)
    b. തെറ്റ്. അപ്പസ്തോലന്മാർക്ക് (13/71)
    c. ശരി. (13/73)
    d. തെറ്റ്. തിരുസഭയുടെ കല്പനകൾ. (13/74)
    e. തെറ്റ്. പരിശുദ്ധത്രിത്വത്തിന്റെ തിരുനാളിന്റെ തലേദിവസം വരെയുള്ള കാലഘട്ടമാണ് (13/73)
14. 11/61, 62
15. 14/76, 78

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½ x1= 2½**

16. വിശുദ്ധരെ അറിയാൻ പേജ് 40
17. വിശുദ്ധരെ അറിയാൻ പേജ് 23, 31

**നമസ്കാരങ്ങൾ**

18. നമസ്കാരങ്ങൾ - പേജ് 16 **3**
19. നമസ്കാരങ്ങൾ - പേജ് 21 **2**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 12/65-66
21. 15/82-83

**പൊതുചോദ്യം (രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

22. പൊതുചോദ്യം

23. ഇന്റേണൽ അസ്സെസ്സ്മെന്റ്

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്ക് അയച്ചെങ്കിലും നാൽപതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്തവരുടെ പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

22 - 02 - 2015 | മാർക്ക് – 50

10.30 am - 12.30 pm | സമയം – 2 മണിക്കൂർ

## STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. ഈശോയുടെ പരസ്യജീവിതകാലത്ത് അവിടുന്നു പഠിപ്പിച്ച കാര്യങ്ങളുടെ ആകെത്തുകയെന്ത്?
2. പഴയ നിയമത്തിൽ മനഃസാക്ഷിയെന്നാൽ അർത്ഥമാക്കുന്നതെന്ത്?
3. ബൊവനെർഗെസ് എന്നതിന്റെ അർത്ഥമെന്ത്?
4. 'മാതാവിനോടുള്ള സ്നേഹവും വിശ്വാസവും പ്രകടിപ്പിക്കാൻ ഞാൻ ശുദ്ധിയോടെ ജീവിക്കും' എന്ന് പ്രതിജ്ഞയെടുത്ത പുണ്യാത്മാവ് ആര്?
5. ''കന്തീശ'' എന്ന വാക്കിന്റെ അർത്ഥം?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **5**

6. തങ്ങൾക്കുള്ള ദൈവദാനങ്ങളെ ദൈവമഹത്വത്തിനും സഹോദരങ്ങളുടെ നന്മക്കും വേണ്ടി വിനിയോഗിക്കുന്നത് ആരാണ്?
   (ഔദാര്യമുള്ളവർ, മിതവ്യയം ചെയ്യുന്നവർ, ദാരിദ്ര്യാരൂപിയുള്ളവർ)
7. ലെഗിയോൻ ആവേശിച്ചിരുന്ന മനുഷ്യൻ മോചിതനായശേഷം യേശു തനിക്കു വേണ്ടി എന്തെല്ലാം ചെയ്തെന്ന് പ്രഘോഷിക്കാൻ തുടങ്ങിയ സ്ഥലം?
   (താർസീസ്, ദെക്കാപ്പോളിസ്, ഇദുമയ)
8. അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ച് അവൻ വിസ്മയിച്ചു. ആരുടെ?
   (സ്വന്തം നാട്ടുകാരുടെ, ഗലീലിക്കാരുടെ, ഗനേസറത്തുകാരുടെ)
9. മരിയ ഗൊരേത്തിയുടെ അമ്മയുടെ പേര്?
   (ലൂയിജി, ത്രേസ്യ, അസൂന്ത)
10. മാർതോമാശ്ലീഹാ കേരളത്തിൽ ആദ്യമായി പള്ളി സ്ഥാപിച്ച സ്ഥലം?
    (മലയാറ്റൂർ, കോക്കമംഗലം, കൊടുങ്ങല്ലൂർ)


**ദൈവവചനം എഴുതുക** **2½**

11. യോഹ. 13:14 ''നിങ്ങളുടെ ................................ ''
12. മത്താ. 7:21 ''കർത്താവേ .............................''

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. 'ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങൾ വിശുദ്ധമായി ആചരിക്കുന്നതിനു തടസമാകുന്ന ജോലികൾ ചെയ്യരുത്' എന്ന ഒന്നാമത്തെ കല്പനകൊണ്ട് സഭ എന്താണ് ഉദ്ദേശിക്കുന്നത്? വിശദമാക്കുക.
14. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ദാമ്പത്യ ബന്ധത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊള്ളുന്നതാണ്. ഈ വാക്യങ്ങൾ ശരിയോ തെറ്റോ എന്നു കണ്ടെത്തി തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.
    a. ദാമ്പത്യജീവിതത്തിലെ അവിശ്വസ്തത ഗൗരവമേറിയ തിന്മയായിട്ടല്ല ഇസ്രായേൽ ജനം കണ്ടിരുന്നത്.
    b. മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധത്തിന്റെ മാതൃകയായി വി. പത്രോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്.
    c. ദാമ്പത്യവിശുദ്ധി പ്രധാനമായും ലംഘിക്കപ്പെടുന്നത് അവിശ്വസ്തതയിലൂടെയാണ്.
    d. വിവാഹമോചനത്തിന്റെ ദുഷ്ഫലം ഏറ്റവും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്.
    e. ശരീരവും മനസ്സും ആത്മാവും അവർ മുഴുവനായി പങ്കാളിക്ക് ദാനം ചെയ്യുന്നു.

15. ക്രിസ്തീയ മനഃസാക്ഷി എന്നാൽ എന്ത്? ഈ മനഃസാക്ഷി രൂപപ്പെടുത്താൻ നമ്മെ സഹായിക്കുന്ന കാര്യങ്ങൾ എഴുതി പദസൂര്യൻ തയ്യാറാക്കുക.




**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

16. 'പേരും പ്രശസ്തിയുമുള്ളവനാകണമെന്നല്ല, മറ്റുള്ളവർക്ക് നന്മചെയ്യുന്നവനാകണം' ഇത് ആരിൽ ഉൾത്തിരിഞ്ഞ ആശയമാണ്? ഇതിന് കാരണമായ സാഹചര്യം എഴുതുക.

17. പട്ടിക പൂർത്തിയാക്കുക

| പേര് | ജനനം | പുണ്യവചനം | തിരുനാൾദിനം | സന്ദേശം |
|---|---|---|---|---|
| A)...................... | ............ | ദൈവത്തേയും മനുഷ്യരേയും സേവിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. | ..................... | ................................ |
| B)....................... | ............. | ............................................................ | ........................ | ''ലോകത്തിന്റെ സൗന്ദര്യങ്ങളിൽ കുടുങ്ങി സ്വർഗ്ഗത്തിന്റെ സൗഭാഗ്യം നഷ്ടമാക്കരുത്.'' |

**നമസ്കാരങ്ങൾ**

18. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ എഴുതുക. **3**

19. ദൈവമാതാവിനോടുള്ള ജപമാലയിലെ മഹിമയുടെ രഹസ്യങ്ങൾ നാലും അഞ്ചും എഴുതുക. **2**

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. എല്ലാം വെട്ടിപ്പിടിക്കുവാനുള്ള തത്രപ്പാടിൽ രക്തബന്ധങ്ങളെവരെ ശിഥിലമാക്കിക്കളയുന്ന ഈ കാലഘട്ടത്തിൽ പത്താം പ്രമാണത്തിനെതിരായി ഉയർന്നുവന്നേക്കാവുന്ന പ്രലോഭനങ്ങൾ ഏതൊക്കെയാണ്? ദ്രവ്യാസക്തിയെ കീഴടക്കാൻ നിങ്ങളെ സഹായിക്കുന്ന പുണ്യങ്ങൾ ഏവയാണ്? വിശദീകരിക്കുക.

21. തിരുസഭയുടെ കല്പനകൾ നമ്മുടെ വിശ്വാസ ജീവിതത്തെ എപ്രകാരമാണ് സഹായിക്കുന്നത്. ദൈവപ്രമാണങ്ങളും ഇവയും തമ്മിലുള്ള വ്യത്യാസമെന്ത്?

**പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ എഴുതുക)** **5**

22. ഭാവിതലമുറയെ മുന്നിൽ കണ്ടുകൊണ്ടും, മനുഷ്യൻ പ്രപഞ്ചത്തിന്റെ കാര്യസ്ഥൻ മാത്രമാണ് എന്നുള്ള ബോധ്യം ഉൾക്കൊണ്ടും വേണം ഒരോ മനുഷ്യനും പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കാൻ. ഈ ആശയത്തെ മുൻനിർത്തി ഒരു പ്രസംഗം തയ്യാറാക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം ((3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

22 - 02 - 2015 — മാർക്ക് – 50

10.30 am - 12.30 pm — **STD - VII** — സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

> ***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** — **5**

1. സ്നേഹത്തിന്റെ പ്രമാണം — 12/65
2. ഹൃദയം — 14/77
3. ഇടിമുഴക്കത്തിന്റെ പുത്രന്മാർ — മർക്കോസ് 3:17
4. വി. അലോഷ്യസ് ഗോൺസാഗാ – വിശുദ്ധരെ അറിയാൻ : 4/34
5. വിശുദ്ധൻ – സത്യദീപം, 27 നവം. – 3 ഡിസം. 2014

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** — **5**

6. ദാരിദ്ര്യാരൂപി ഉള്ളവർ — 11/62
7. ദെക്കാപ്പോളിസ് — മർക്കോസ് 5:20
8. സ്വന്തം നാട്ടുകാരുടെ — മർക്കോസ് 6:6
9. അസൂന്ത – വിശുദ്ധരെ അറിയാൻ... 3/23
10. കൊടുങ്ങല്ലൂർ – സത്യദീപം ജനുവരി 8-14 2015

**ദൈവവചനം എഴുതുക** — **2½**

11. 12/69
12. 15/83

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** — **5**

13. 13/72
14. a. 10/56 – തെറ്റ് – തിന്മയായിട്ടാണ് യഹൂദജനം കണ്ടിരുന്നത്
    b. 10/56 – തെറ്റ് – വി.പൗലോസ് ശ്ലീഹാ
    c. 10/56 – ശരി
    d. 10/57 – തെറ്റ് – കുട്ടികളാണ്
    e. 10/57 – ശരി
15. 14/78-79

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** — **2½**

16. വിശുദ്ധരെ അറിയാൻ... 4/34
17. വിശുദ്ധരെ അറിയാൻ... 3/31 & 4/40

**നമസ്കാരങ്ങൾ**

18. 28/16 — **3**
19. പേജ് – 21 — **2**

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** — **5**

20. 11/61-63
21. 13/71-74
22. പൊതുചോദ്യം — **5**

23. **ഇന്റേണൽ അസ്സെസ്മെന്റ്** — **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 28 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് $\frac{28}{35}+\frac{12}{15}=\frac{40}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35 ൽ 28 ഉം മൊത്തത്തിൽ 40 ഉം അതിൽ കൂടുതലും കിട്ടുന്ന കുട്ടികൾക്ക് ഒന്നാം സെമസ്റ്ററിലും നാല്പതിലധികം മാർക്കു ലഭിച്ചു എങ്കിൽ ആ പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. ഒന്നാം സെമസ്റ്ററിൽ അതിരൂപതയിലേക്കയച്ചെങ്കിലും നാല്പതിൽ കൂടുതൽ മാർക്കുള്ളതായി അംഗീകരിക്കാത്ത പേപ്പറുകൾ ഇപ്രാവശ്യം വീണ്ടും അയയ്ക്കേണ്ടതില്ല.സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 28 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

23 - 02 - 2014 | മാർക്ക് – 50

10.30 am - 12.30 pm | സമയം – 2 മണിക്കൂർ

## STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. ഇസ്രായേലും ദൈവവുമായുള്ള ബന്ധത്തെ ഏതു ബന്ധത്തോടാണ് പഴയനിയമജനത ഉപമിച്ചിരിക്കുന്നത്?
2. സ്വർഗ്ഗത്തിലേക്ക് നോക്കി നെടുവീർപ്പിട്ടുകൊണ്ട് യേശു ബധിരനോട് പറഞ്ഞതെന്ത്?
3. 'മാതാവിനോടുള്ള സ്നേഹവും വിശ്വാസവും പ്രകടിപ്പിക്കാൻ ഞാൻ ശുദ്ധിയോടെ ജീവിക്കും' - ഈ പ്രതിജ്ഞയോടെ ജീവിച്ച വിശുദ്ധനാര്?
4. കെ.സി.ബി.സി. പ്രസിഡന്റ്?

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **4**

5. അവകാശമില്ലാത്തത് ആഗ്രഹിച്ച ആഹാബ് രാജാവിന്റെ സന്നിധിയിൽ ദൈവം നീതി നടപ്പാക്കാനായി അയച്ചത് ഏത് പ്രവാചകനെയാണ്?
   (ജോയേൽ, എസെക്കിയേൽ, ഏലിയ)
6. 'ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക' യേശു ആരോട് പറഞ്ഞു?
   (രക്തസ്രാവക്കാരിയോട്, സിനഗോഗധികാരിയോട്, സീറോ-ഫിനേഷ്യൻ സ്ത്രീയോട്)
7. മരിയ ഗൊരേത്തിയെ വിശുദ്ധയായി പ്രഖ്യാപിച്ചതെന്ന്?
   (1950 ജൂൺ 24, 1947 ഏപ്രിൽ 27, 1946 ജനുവരി 16)
8. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആദ്യത്തെ അപ്പസ്തോലിക പ്രഖ്യാപനം?
   (ലൂമെൻ ഫിദെയ്, എവാഞ്ചേലി ഗൌദിയം, ദേയി വെർബും)

**III ചേരുംപടി ചേർത്തെഴുതുക** **2**

| | | |
|---|---|---|
| 9. ബൊവനെർഗെസ് | - | അഷ്ടസൗഭാഗ്യങ്ങൾ |
| 10. മലയിലെ പ്രസംഗം | - | ബാലികേ എഴുന്നേൽക്കൂ |
| 11. തലീത്താ കും | - | പ്രപഞ്ചത്തിന്റെ കാര്യസ്ഥൻ |
| 12. മനുഷ്യൻ | - | ഇടിമുഴക്കത്തിന്റെ പുത്രന്മാർ |
| | - | അപ്പസ്തോലന്മാർ |

**IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**


13. സുവിശേഷഭാഗ്യങ്ങൾ ക്രമീകരിക്കാമോ? ഓരോന്നിന്റെയും നേരെ ക്രിസ്തുശിഷ്യർ നേടാനിരിക്കുന്ന സൗഭാഗ്യം ശരിയായി ചേർത്ത് അഷ്ടസൗഭാഗ്യങ്ങൾ പൂർണ്ണമാക്കുക. വി. മത്തായിയുടെ സുവിശേഷത്തിൽ എത്രാം അദ്ധ്യായം, ഏതൊക്കെ വാക്യങ്ങളിലാണ് ഇവ പ്രതിപാദിച്ചിരിക്കുന്നത്?

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ ......................................
2. വിലപിക്കുന്നവർ ഭാഗ്യവാന്മാർ ......................................
3. ശാന്തശീലർ ഭാഗ്യവാന്മാർ ......................................
4. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ .......................
5. കരുണയുള്ളവർ ഭാഗ്യവാന്മാർ ......................................
6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ ......................................
7. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ .......................
8. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ .......

- അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും
- സ്വർഗ്ഗരാജ്യം അവരുടേതാണ്
- അവർക്ക് സംതൃപ്തി ലഭിക്കും
- അവർ ആശ്വസിപ്പിക്കപ്പെടും
- സ്വർഗ്ഗരാജ്യം അവരുടേതാണ്
- അവർ ഭൂമി അവകാശമാക്കും
- അവർ ദൈവത്തെ കാണും
- അവർക്ക് കരുണ ലഭിക്കും

14. എല്ലാ കല്പനകളുടേയും അടിസ്ഥാനമായ താഴെതന്നിരിക്കുന്ന ദൈവവചനം എഴുതുക. എന്നിട്ട് ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾകൊണ്ട് നിങ്ങളുടെ ഹൃദയം നിറയ്ക്കുക.





15. തിരുസഭയുടെ കല്പനകളിൽ ഒന്നാമത്തേത് എഴുതി വിശദീകരിക്കുക.


16. ദ്രവ്യാസക്തി എന്നാൽ എന്ത്? അതിനെ കീഴടക്കാൻ സഹായിക്കുന്ന പുണ്യങ്ങൾ വിശദീകരിക്കുക.

## V നമസ്കാരങ്ങൾ 5

17. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ ശരിയായവ ബാസ്ക്കറ്റിൽ നിന്നും എടുത്തെഴുതുക

പരിശുദ്ധാരൂപിയുടെ ഫലങ്ങൾ




18. പരിശുദ്ധ ദൈവമാതാവിന്റെ ജപമാലയിലെ മഹിമയുടെ ഒന്നും മൂന്നും രഹസ്യങ്ങളെഴുതുക.

## VI ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം) 2½

19. ഫിലിപ്പ് രണ്ടാമൻ രാജാവിന്റെ കൊട്ടരാത്തിൽ വിശുദ്ധ അലോഷ്യസ് ഗോൺസാഗയുടെ ജീവിതചര്യ എങ്ങനെയായിരുന്നു?

20. ഈ വിശുദ്ധ ആര്? വിശുദ്ധ പദവിയിലെത്താൻ ഇവളെ സഹായിച്ച കാര്യങ്ങൾ എഴുതി ജീവചരിത്രം പൂർത്തിയാക്കുക.

1. മാതാപിതാക്കൾ...................

3. ..........വർഷവും 8 മാസവും 20 ദിവസവും മാത്രം ഈ ലോകത്തിൽ ജീവിച്ചു മരിച്ച ഈ വിശുദ്ധ......... മദ്ധ്യസ്ഥയായി വാഴ്ത്തപ്പെട്ടു.



2. മരിക്കുന്നതിനു തൊട്ടുമുൻപ് വൈദികനോട് പറഞ്ഞ കാര്യം..............

4. അവരുടെ ശക്തി...............

5. പുണ്യവചനം............

## VII രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) 5

21. ക്രിസ്തീയ ജീവിതത്തിൽ ശരിയായ മനസ്സാക്ഷി രൂപീകരണത്തിന്റെ ആവശ്യകതയെന്തെന്നും ശരിയായ ക്രിസ്തീയ മനസ്സാക്ഷി രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവയെന്നും 'മനസ്സാക്ഷി രൂപീകരണം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

22. സ്നേഹം എന്ന നാണയത്തിന്റെ രണ്ടുവശങ്ങളാണ് ദൈവസ്നേഹവും സഹോദരസ്നേഹവും. 'ശ്രേഷ്ഠമായ കല്പന' എന്ന പാഠത്തിന്റെ അടിസ്ഥാനത്തിൽ ദൈവസ്നേഹവും സഹോദരസ്നേഹവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിവരിക്കുക.

## VIII പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഒരു പ്രസംഗം തയ്യാറാക്കുക) 5

23. ''എന്റെ ഏറ്റവും ചെറിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്'' (മത്തായി 25:40). ഈ പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ നമുക്കുള്ളവ പാവങ്ങൾക്കായി പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കുക. ഏതെല്ലാം തലങ്ങളിൽ കുട്ടികളായ നിങ്ങൾക്ക് ഈ പങ്കുവയ്ക്കൽ പ്രായോഗികമാക്കാം എന്ന് പ്രസംഗത്തിൽ വ്യക്തമാക്കുക.

24. **ഇന്റേണൽ അസ്സെസ്മെന്റ്** 15

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

23 - 02 - 2014 മാർക്ക് – 50

10.30 am - 12.30 pm **STD - VII** സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക 4**

1. ഭാര്യാഭർതൃബന്ധത്തോട് — 10/55
2. എഫ്ഫാത്ത — മർക്കോ. 7:34
3. വി. അലോഷ്യസ് ഗോൺസാഗോ — വിശുദ്ധരെ അറിയാൻ പേജ് 34
4. കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് — സത്യദീപം 2014 ജനുവരി 1

**II ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക 4**

5. ഏലിയ — 11/60
6. സിനഗോഗധികാരിയോട് — മർക്കോസ് 5/36
7. 1950 ജൂൺ 24 — വിശുദ്ധരെ അറിയാൻ പേജ് 31
8. എവാഞ്ചേലി ഗൗദിയം — സത്യദീപം 2013 നവംബർ 27

**III ചേരുംപടി ചേർത്തെഴുതുക 2**

9. ബൊവനെർഗെസ് - ഇടിമുഴക്കത്തിന്റെ പുത്രന്മാർ (മർക്കോ. 3:17)
10. മലയിലെ പ്രസംഗം - അഷ്ടസൗഭാഗ്യങ്ങൾ (15/81)
11. തലീത്താ കും - ബാലികേ എഴുന്നേൽക്കൂ (മർക്കോ 5:41)
12. മനുഷ്യൻ - പ്രപഞ്ചത്തിന്റെ കാര്യസ്ഥൻ (11/63)

**IV ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം) 7½**

13. 15/81, 82 (മത്താ. 5:3-10)
14. 12/68
15. 13/72
16. 11/61, 62

**V നമസ്കാരങ്ങൾ 5**

17. നമസ്കാരങ്ങൾ പേജ് 16 – 1. സ്നേഹം, 2. സന്തോഷം, 3. സമാധാനം, 4. ക്ഷമ, 5. ദയ, 6. നന്മ, 7. വിശ്വസ്തത, 8. സൗമ്യത 9. സഹനശക്തി, 10. മിതത്വം, 11. ആത്മസംയമനം, 12. ശുദ്ധത
18. നമസ്കാരങ്ങൾ പേജ് 21

**VI ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം) 2½**

19. വിശുദ്ധരെ അറിയാൻ – പേജ് 36
20. വിശുദ്ധരെ അറിയാൻ – പേജ് 29-31

**VII രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) 5**

21. 14/78,79
22. 12/65-68

**VIII** 23. **പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഒരു പ്രസംഗം തയ്യാറാക്കുക) 5**

24. **ഇന്റേണൽ അസ്സെസ്മെന്റ് 15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. രണ്ടാം സെമസ്റ്ററിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടത്. ഈ സെമസ്റ്ററിൽ 40-ൽ കൂടുതൽ മാർക്കുകിട്ടിയെങ്കിലും ഒന്നാം സെമസ്റ്ററിൽ ഇത്രയും മാർക്കു ലഭിക്കുകയും അതിരൂപതയിലേയ്ക്ക് പേപ്പർ അയച്ച് അംഗീകരിക്കുകയും ചെയ്യാത്ത പേപ്പറുകൾ അയയ്ക്കേണ്ടതില്ല. രണ്ടു സെമസ്റ്ററിലും പ്രത്യേകം 40-ഉം അതിലധികവും മാർക്കുലഭിക്കുന്നവരെയാണ് സ്കോളർഷിപ്പു ലഭിച്ചവരായി കണക്കാക്കുക. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.